# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2460 12/02/2020-ൽ മറുപടിക്ക്

### കോലത്തുനാട്, കോട്ടയം ലൈൻസ് പാക്കേജുകളുടെ എസ്റ്റിമേറ്റ്

| | ചോദ്യം<br><br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന കോലത്തുനാട്, കോട്ടയം ലൈൻസ് പാക്കേജുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനവലംബിച്ച മാർഗ്ഗം എസ്റ്റിമേറ്റ് തുക കുത്തനെ കൂട്ടുന്നതിന് കാരണമായെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | കെ.എസ്.ഇ.ബി.എൽ. ലെ വർക്കുകൾക്ക് സാധാരണ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന രീതിയിൽ തന്നെയാണ് കോലത്തുനാട്, കോട്ടയം ലൈൻസ് പാക്കേജുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ തന്നെ എസ്റ്റിമേറ്റ് തുക കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | രണ്ടു പദ്ധതികളുടെയും എസ്റ്റിമേറ്റ് തുകയിൽ എത്ര ശതമാനം വർദ്ധനവാണ് വന്നത്; | (ബി) | കോലത്തുനാട്, കോട്ടയം പാക്കേജുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് മേൽ പറഞ്ഞപ്രകാരം ഡി.എസ്.ആർ. നിരക്കുകളെ അടിസ്ഥാനമാക്കിയോ അല്ലെങ്കിൽ കെ.എസ്.ഇ.ബി.എൽ. ഇത്തരം പ്രവൃത്തികളുടെ കാര്യത്തിൽ പിന്തുടർന്നു വരുന്ന മറ്റു മാർഗ്ഗങ്ങളുപയോഗിച്ചോ ആണ്. ആയതിനാൽ എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാൽ ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയേക്കാൾ ഉയർന്ന തുകയാണ് ടെണ്ടറിൽ ടി പ്രവൃത്തികൾ ചെയ്യുന്നതിനായി ക്വോട്ട് ചെയ്തിട്ടുള്ളത്. |
| (സി) | കെ.എസ്.ഇ.ബി.യുടെ കോസ്റ്റ് ഡേറ്റയിലോ, ഡി.എസ്.ആറിലോ പ്രതിപാദിക്കാത്ത വസ്തുക്കളുടെ എസ്റ്റിമേറ്റ് എപ്രകാരമാണ് തയ്യാറാക്കുന്നത് എന്നറിയിക്കാമോ; | (സി) | കെ.എസ്.ഇ.ബി.എൽ. ലെ വർക്കുകൾക്ക്, സാധാരണ ഏതെങ്കിലും ഘടകങ്ങളുടെ ഡാറ്റ, കോസ്റ്റ് ഡാറ്റയിലോ, ഡി.എസ്.ആറിലോ ലഭ്യമല്ലെങ്കിൽ, അതിനായി പ്രാദേശികമായി അന്വേഷണം നടത്തി കമ്പോള നിരക്കുകളുടെ അടിസ്ഥാനത്തിലോ ഇതിനു മുൻപ് നൽകിയിട്ടുള്ള സമാനമായ പ്രവൃത്തികളുടെ നിരക്കുകളുടെ അടിസ്ഥാനത്തിലോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കിയ observed data യും ഉപയോഗിക്കാറുണ്ട്. കൂടാതെ ഒന്നിലധികം കമ്പനികളിൽ നിന്നും ശേഖരിക്കുന്ന budgetory offer – ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഡാറ്റയും ഉപയോഗിക്കാറുണ്ട്. പുതിയ |

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന പ്രവൃത്തികളിൽ ഡാറ്റ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മറ്റ് ഇലക്ട്രിസിറ്റി പ്രസരണ ലൈസൻസികളുടെ കോസ്റ്റ് ഡാറ്റയോ, മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ budgetory offer – ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഡാറ്റയോ ഉപയോഗിക്കാറുണ്ട്. |
| (ഡി) | സ്റ്റെർലൈറ്റും എൽ.&റ്റി.യും സമർപ്പിച്ച സ്പെഷ്യൽ റേറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പ്രവൃത്തികൾക്കാണ് അവർ നൽകിയ സ്പെഷ്യൽ റേറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഉപയോഗിച്ചത്; | (ഡി) | സ്റ്റെർലൈറ്റ്, എൽ.&റ്റി എന്നീ കമ്പനികളുടെ സ്പെഷ്യൽ റേറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഉപയോഗിച്ചിട്ടില്ല. എന്നാൽ മറ്റ കമ്പനികളിൽ നിന്നെന്നതുപോലെ ടി കമ്പനികളിൽ നിന്നും ലഭ്യമായ ബഡ്ജറ്ററി ഓഫറുകളും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പരിഗണിച്ചിട്ടുണ്ട്. |
| (ഇ) | പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന പ്രവൃത്തികളിൽ അതിനാവശ്യമായ ഡേറ്റ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഏത് രീതിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കെ.എസ്.ഇ.ബി. അവലംബിച്ചത്; വിശദമാക്കുമോ? | (ഇ) | പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന പ്രവൃത്തികളിൽ അതിനാവശ്യമായ ഡാറ്റ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിലെ സമാന സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന ഡാറ്റയോ അല്ലെങ്കിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുന്ന ഒന്നിലധികം കമ്പനികളിൽ നിന്നും ശേഖരിക്കുന്ന budgetory offer – ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഡാറ്റയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഉപയോഗിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ